# പതിമൂന്നാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **2602**

14.12.2015 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ബി.ഫാം (ആയൂർവേദ) യോഗ്യത

| ചോദ്യം<br>ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ബി.ഫാം (ആയൂർവേദ) യോഗ്യത നേടിയവരെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നിവിടങ്ങളിലെ ആയൂർവേദ ഫാർമസിസ്റ്റ് തസ്തികയുടെ യോഗ്യതയായി ബി. ഫാം (ആയൂർവേദ) കോഴ്സ് അംഗീകരിക്കുവാൻ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 1428/2013/ആകുവ തീയതി 23.4.2013 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പ്രസ്തുത കോഴ്സ് പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ /ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് / ആയൂർവേദ കോളേജ് എന്നിവിടങ്ങളിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ഒരു യോഗ്യതയായ "ഗവൺമെന്റ് അംഗീകൃത ആയൂർവേദ ഫാർമസിസ്റ്റ് കോഴ്സ് സർട്ടിഫിക്കറ്റ് / ഡിപ്ലോമ " എന്നതിന്റെ അതേ ഫാക്കൽറ്റിയിൽ ഉള്ള ഉയർന്ന യോഗ്യത എന്ന നിലയിൽ B.Pharm (ആയൂർവേദം) യോഗ്യത പി. എസ്. സി. സ്വീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത കോഴ്സ് പൂർത്തീകരിച്ചവരെ സർക്കാർ ആശുപത്രികളില്യം ഡിസ്പെൻസറികളില്യം ഉണ്ടാകുന്ന | (സി) | പ്രസ്തുത കോഴ്സ് പൂർത്തീകരിച്ചവരെ സർക്കാർ ആശുപത്രികളില്യം, ഡിസ്പെൻസറികളില്യം ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | സ്ഥിര, താൽക്കാലിക ഒഴിവുകളിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | | ഫാർമസിസ്റ്റ് തസ്തികകളിലെ സ്ഥിര, താൽക്കാലിക ഒഴിവുകളിൽ നിയമിക്കുന്നതിന് സർക്കാരിന്റെ 23.04.2013-ലെ ജി.ഒ.(ആർ.റ്റി) 1428/2013/ആകുവ നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഭാരതീയ ചികിത്സാ വകുപ്പിലെ സ്പെഷ്യൽ റൂളിൽ ബി.ഫാം (ആയുർവേദ) ഡിഗ്രി കോഴ്സ് ഉൾപ്പെടുത്താത്തത് തടസ്സമായി നിലനിൽക്കുന്നുണ്ട്. |
| (ഡി) | തടസ്സങ്ങളുണ്ടെങ്കിൽ ആയവ പരിഹരിച്ച് താൽക്കാലിക ഒഴിവുകളിൽ പ്രസ്തുത വിഭാഗക്കാരെ നിയമിക്കുന്നതിന് ആയുർവേദ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ? | (ഡി) | ഈ വിഭാഗങ്ങളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകളിൽ ബി.ഫാം (ആയുർവേദ) ക്കാരെ പരിഗണിക്കാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂളിൽ ആയുർവേദ ഫാർമസിസ്റ്റ് നിയമനത്തിനുള്ള യോഗ്യതയായി ബി.ഫാം (ആയുർവേദ) ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ